ഉത്തരം

(എ) റവന്യൂ ജീവനക്കാരുടെ സീനിയോറിറ്റി സംബന്ധിച്ച് വിവിധ ഹർജികൾ ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലായിരുന്നതിനാൽ ജീവനക്കാർക്ക് യഥാസമയം പ്രൊമോഷൻ നൽകാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ 14.9.99-ലെ ഹൈക്കോടതി ഉത്തരവു പ്രകാരം പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയും അതിൻപ്രകാരം നിലവിലുണ്ടായിരുന്ന ഒഴിവുകളിലേക്ക് പ്രൊമോഷൻ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഫൈനൽ സീനിയോറിറ്റി ലിസ്റ്റുകളുടെ അടിസ്ഥാനത്തിൽ എല്ലാ തസ്തികകളിലേക്കും മുൻകാലപ്രാബല്യം നൽകി പ്രൊമോഷൻ നൽകാറുണ്ട്.

(സി) എൽ.ഡി.ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ്, യു.ഡി. ക്ലാർക്ക് വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് അവരുടെ ജോലിയുടെ സ്വഭാവത്തിലുള്ള സമാനത പരിഗണിച്ച് അസൈൻ ചെയ്തുകൊടുക്കുന്ന തീയതി മുതൽ ശമ്പളം തിട്ടപ്പെടുത്തി കൂടിശ്ശിക ലഭിക്കുന്നതാണ്. കേരള സർവ്വീസ് നിയമം ഒന്നാം പാർട്ടിലെ റൂൾ 23(സി) പ്രകാരം പ്രൊമോഷൻ ലഭിക്കുന്ന തസ്തികയിലെ ജോലിയുടെ സ്വഭാവത്തിൽ വ്യത്യാസമില്ലെങ്കിൽ മുൻകാല പ്രാബല്യത്തോടെ പ്രൊമോഷൻ ലഭിക്കുന്ന ജീവനക്കാരന് ശമ്പള കുടിശ്ശിക ലഭിക്കും.

(ഡി) 14.9.99-ലെ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 84 മുതൽ 92 വരെയുള്ള എൽ.ഡി.ക്ലാർക്ക്/വി.എ.മാരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്. ആയത് എല്ലാ ജീവനക്കാർക്കും പരിശോധിക്കാൻ കഴിയുമാറ് പരസ്യപ്പെടുത്തിയിട്ടുണ്ട്.

106 (663) റവന്യൂ വകുപ്പു ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ്

ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പു ജീവനക്കാരുടെ ഏതെല്ലാം സീനിയോറിറ്റി ലിസ്റ്റുകളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം സ്ഥിരമായ ലിസ്റ്റുകളാണ്; ഏതെല്ലാം താൽക്കാലിക ലിസ്റ്റുകളാണ്; ഇവ ഇനംതിരിച്ചു വ്യക്തമാക്കുമോ;

(സി) താൽക്കാലിക ലിസ്റ്റുകൾ എത്ര കാലംകൊണ്ട് സ്ഥിരം ലിസ്റ്റാകും; ആയതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുമോ;

(ഡി) 1.12.1999-ൽ എന്നുമുതൽ എന്നുവരെയുള്ളവരെയാണ് യു.ഡി.സി./സ്പെഷ്യൽ വില്ലേജ് ഓഫീസർമാരായി പ്രൊമോഷൻ നൽകിയത്;

(ഇ) ആയതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; പ്രൊമോഷൻ ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ?

---

* അനുബന്ധമായി വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 14.9.99-ലെ കോടതി ഉത്തരവ് പ്രകാരം താഴെപ്പറയുന്ന സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1. 10.9.84-ൽ നിലവിലുണ്ടായിരുന്ന യു.ഡി.ക്ലാർക്ക്/വില്ലേജ് ഓഫീസർമാരുടെ സംസ്ഥാനതല സംയോജിത പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ്.

2. 10.9.84-ൽ നിലവിലുണ്ടായിരുന്ന എൽ.ഡി.ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റുമാരുടെ സംസ്ഥാനതല സംയോജിത പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ്.

3. 10.9.84 മുതൽ 28.2.88 വരെയുള്ള യു.ഡി.ക്ലാർക്ക്/വില്ലേജ് ഓഫീസർമാരുടെ സംസ്ഥാനതല പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ്.

4. 10.9.84 മുതൽ 31.12.98 വരെയുള്ള ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർമാരുടെ സംസ്ഥാനതല പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ്.

ഇവയ്ക്കു പുറമേ താഴെപറയുന്ന ലിസ്റ്റുകൾകൂടി നിലവിലുണ്ട്.

5. 10.9.84 മുതൽ 31.12.92 വരെയുള്ള എൽ.ഡി.ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റുമാരുടെ സംസ്ഥാനതല ഫൈനൽ സീനിയോറിറ്റി ലിസ്റ്റ്.

6. 25.9.62 മുതൽ 7.3.93 വരെയുള്ള ഡെപ്യൂട്ടി തഹസിൽദാർമാരുടെ സംസ്ഥാന ഫൈനൽ സീനിയോറിറ്റി ലിസ്റ്റ്.

7. 25.9.62 മുതൽ 30.4.98 വരെയുള്ള സംസ്ഥാനതല തഹസിൽദാർമാരുടെ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ്.

(ബി) 10.9.84 മുതൽ 31.12.92 വരെയുള്ള എൽ.ഡി.ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ്മാരുടെയും ഡെപ്യൂട്ടി തഹസിൽദാർമാരുടെയും തഹസിൽദാർമാരുടെയും (ക്രമ നമ്പർ 5,6,7) സംസ്ഥാനതല ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ട്. മറ്റുള്ളവ പ്രൊവിഷണൽ ലിസ്റ്റുകളാണ്.

(സി) താല്ക്കാലിക ലിസ്റ്റുകൾ ഗസറ്റിൽ പ്രസിദ്ധീകരിച്ചു ഒരു നിശ്ചിത സമയത്തിനകം ആക്ഷേപങ്ങൾ സ്വീകരിച്ച് അവ പരിഹരിക്കപ്പെട്ടതിനുശേഷം സ്ഥിരം ലിസ്റ്റ് പ്രസിദ്ധീകരിക്കും.

(ഡി) 31.12.94 വരെ എൽ.ഡി.ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് ആയി നിയമിതരായവരിൽ ടെസ്റ്റ് യോഗ്യത നേടുകയോ 50 വയസ്സ് പൂർത്തിയാവുകയോ ചെയ്തവരെ യു.ഡി.ക്ലാർക്കായി പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ഇ) ടെസ്റ്റ് യോഗ്യത നേടുകയോ അല്ലെങ്കിൽ 50 വയസ്സ് പൂർത്തിയാവുകയോ ചെയ്തവരെയാണ് പ്രൊമോഷൻ നൽകുന്നത്. പ്രമോഷൻ ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

107 (664) റവന്യൂവകുപ്പിലെ പ്രൊമോഷൻ

ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly